**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 810** **05.02.2020-ൽ മറുപടിയ്ക്ക്**

**<u>അക്കാമ്മ ചെറിയാൻ സാംസ്കാരിക കേന്ദ്രം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
| --- | --- |
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| 2016-17 സംസ്ഥാന ബഡ്ജറ്റിൽ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക കേന്ദ്രം ആരംഭിക്കുന്നതിലേയ്ക്ക് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/85 pt, 186 pt, മുതലായവയിൽ ഉൾപ്പെട്ട 4 ഏക്കർ 31 സെന്റ് റവന്യൂ ഭൂമിയുടെ ഉപയോഗാനുമതി സാംസ്കാരിക വകുപ്പിന് 05.03.2018-ലെ സ. ഉ. (കൈ) നമ്പർ. 81/2018/റവ ഉത്തരവിൻ പ്രകാരം കൈമാറി ലഭിച്ചിരുന്നു. സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ച പ്രസ്തുത ഭൂമിയിൽ പദ്ധതിയ്ക്കായുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ നടത്തുകയുണ്ടായി. എന്നാൽ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പ്രസ്തുത ഭൂമി അനുയോജ്യമാണോ എന്ന് ജില്ലാ ജിയോളജിസ്റ്റ് പരിശോധിക്കുകയും, സാംസ്കാരിക സമുച്ചയം |

പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പകരം ഒറ്റ നിലയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ-നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ